## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3322 — 11.05. 2017 ൽ മറുപടിക്ക്

## കെ എസ് ഇ ബി ലിമിറ്റഡിന്റെ പ്രവർത്തന മികവ്

ചോദ്യം

ശ്രീ.എ.എം.ആരിഫ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ എസ് ഇ ബി ലിമിറ്റഡിന്റെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ ഐ എം സമർപ്പിച്ച റിപ്പോർട്ടിന്മേൽ കെ എസ് ഇ ബി ഡയറക്ടർ ബോർഡ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ഐ.ഐ.എം കോഴിക്കോടിന്റെ റിപ്പോർട്ട് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിലെ മറ്റ് ചില കാര്യങ്ങൾകൂടി പഠന വിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ഐ.ഐ.എം കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൂടി ലഭ്യമായതിനുശേഷം മാത്രമെ തുടർ നടപടികൾ കൈക്കൊള്ളുകയുള്ളൂ.. |
| (ബി) 01.01.2011-ന് ശേഷം 31.03.2017 വരെ എത്ര പേർക്ക് തസ്തിക മാറ്റം വഴി ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർതസ്തികയിലേക്ക് പ്രമോഷൻ നൽകി എന്ന് വ്യക്തമാക്കാമോ; ആയതിന് ആനുപാതികമായി 31.03.2017 വരെ എത്ര പേർക്ക് പി എസ് സി വഴി നിയമനം നടത്തേണ്ടതായുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പി എസ് സി നിയമനങ്ങൾ നടന്നു; 2014-15, 2015-16 വർഷങ്ങളിലെ കെ എസ് ഇ ബി യുടെ ലാഭം/നഷ്ടംഎത്രയാണ് എ. ജി.യുടെ കണക്ക് പ്രകാരം കെ എസ് ഇ ബി യുടെ 2014-15, 2015-16വർഷങ്ങളിലെ ലാഭം/നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) ഈ കാലയളവിൽ നിയമനം നൽകിയ 20% ക്വാട്ടയിലെ നിയമനം 216 ആണെങ്കിലും 01.01.2011 മുതൽ 31.03.2017 വരെ ഉണ്ടായ ഒഴിവുകൾ 123 (190-67) എണ്ണം മാത്രമേ വരുന്നുള്ളൂ. ഇതിനാനുപാതികമായി 80% ക്വാട്ടയിൽ 761 ഒഴിവുകൾ നികത്തപ്പെടേണ്ടതിൽ 333 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഭിന്ന ശേഷിക്കാരുടെ ക്വാട്ടയിൽ കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ 48 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 380 (428-48) ഒഴിവുകളിൽ ഐ.ഐ.എം. കോഴിക്കോടിന്റെ അന്തിമ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ഈ ഒഴിവുകൾ നികത്തപ്പെടേണ്ടതാണോ എന്ന കാര്യം തീരുമാനിക്കുകയുള്ളൂ.<br><br>01.11.2013-ൽ കമ്പനിയാക്കിയശേഷം സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരാണ് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആഡിറ്റ് നടത്തുന്നത്. ആഡിറ്റ് പൂർത്തിയാക്കിയ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന് ചുവടെ ചേർത്തിരിക്കുന്ന നഷ്ടമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |

| സാമ്പത്തിക വർഷം | നഷ്ടം (കോടി രൂപയിൽ ) |
|---|---|
| 2014-15 | 1272.90 |
| 2015-16 | 313.29 |

സെക്ഷൻ ഓഫീസർ